ല ൂ ക്കാ 13 : 22 - 30

**2023 ജൂലൈ 09**

# വചനഭാഷ്യം

**ഡോ. സോണി മഞ്ഞളി**

## ഇടുങ്ങിയ വാതിൽ

വി. ലൂക്കായുടെ സുവിശേഷത്തെ ഏറ്റവും ആകർഷകവും ശ്രദ്ധേയവുമാക്കുന്ന ഒരു സുപ്രധാന ഘടകമാണ് അതിന്റെ മദ്ധ്യഭാഗത്തുള്ള യാത്രാവിവരണം അല്ലെങ്കിൽ ജറുസലേമിലേക്കുള്ള യാത്ര (ലൂക്കാ 9:51 – 19:46). ഈ യാത്രയിൽ യേശു ശിഷ്യന്മാരുടെ പരമഗുരുവാണ്. ദൈവരാജ്യമാണ് യേശു പ്രബോധനത്തിന്റെ മുഖ്യവിഷയം. ഈ യാത്രാവിവരണത്തിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കാനുണ്ട്. ഈ ഭാഗത്ത് ലൂക്കാ സുവിശേഷകൻ ആവർത്തിച്ചാവർത്തിച്ച് ഉറപ്പിക്കുന്ന കാര്യം ''യേശു ജറുസലേമിലേക്ക് യാത്ര ചെയ്യുകയായിരുന്നു'' (ലൂക്കാ 9:51, 53, 57; 10:1, 38; 11:1; 13:22, 33; 14:25; 17:11; 18:31; 18:37; 19:1, 11, 28) എന്നതാണ്. ഈ യാത്രയിൽ ഏറ്റവും വ്യക്തമായ കാര്യം, യാത്രയുടെ ലക്ഷ്യമാണ് – ജറുസലേം. ഭൂമിശാസ്ത്രപരമായ പ്രാധാന്യം മാത്രമല്ല ജറുസലേമിന് സുവിശേഷത്തിൽ ഉള്ളത്. അതിന് ദൈവശാസ്ത്രപരമായ മാനവും ഉണ്ട്. ക്രിസ്തു സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കുന്നിടമാണ് ജറുസലേം. ഇതിനെ യേശുവിന്റെ 'ആരോഹണം' (അിമഹലാുശെ) എന്ന് ലൂക്കാ 9:51-ൽ രേഖപ്പെടുത്തിയിരിക്കുന്നു. സഹന-മരണ-ഉയിർപ്പ്-സ്വർഗാരോഹണം ഉൾപ്പെടുന്നതാണ് ഈ 'ആരോഹണം'

ഈ യാത്രാവിവരണത്തിൽ ലക്ഷ്യസ്ഥാനത്തെക്കുറിച്ച് ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്നുണ്ടെങ്കിലും യേശു ഗലീലിയിൽ നിന്നും ജറുസലേമിലേക്ക് കടന്നുപോകുന്ന സ്ഥലങ്ങൾ വളരെ വിരളമായേ സൂചിപ്പിക്കുന്നുള്ളൂ (ലൂക്കാ 9:51; 17:11; 18:35; 19:1). ഇവിടെ അർത്ഥമാക്കുന്നത്, നമ്മുടെ ലക്ഷ്യം വ്യക്തമായിരിക്കണം എന്ന വസ്തുതയാണ്. നടന്നടുക്കുമ്പോൾ കടന്നുപോകേണ്ട സഹനവഴികളെക്കുറിച്ച് നാം അറിയണമെന്നില്ല. എങ്കിലും ലക്ഷ്യത്തെക്കുറിച്ചുള്ള ഉറപ്പ് സഹനവഴികളെ നേരിടാനുള്ള ശക്തി തരും.

ഇന്നത്തെ സുവിശേഷത്തിൽ യേശു ഇടുങ്ങിയ വാതിലിനെക്കുറിച്ചും, അടഞ്ഞ വാതിലിനെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. ഇടുങ്ങിയ വാതിലിനെക്കുറിച്ചുള്ള പരാമർശം പഴയ നിയമത്തിലെ നിയമ 30:10–20, ജെറെമിയ 21:8 എന്നീ വേദഭാഗങ്ങൾ ഓർമ്മിപ്പിക്കുന്നുണ്ട്.

ഇടുങ്ങിയ വാതിൽ എന്നതിന്റെ അർത്ഥം 'അനുതാപം' അല്ലെങ്കിൽ 'മാനസാന്തര'മാണെന്ന് ഈ ഉപമയുടേയും ഇതിനോടനുബന്ധിച്ചുള്ള വിവരങ്ങളുടെയും വെളിച്ചത്തിൽ മനസ്സിലാക്കാൻ സാധിക്കും.

ലൂക്കാ 13:1–5 : മാനസാന്തരപ്പെടുകയില്ലെങ്കിൽ നശിക്കും.

13:6–9 : മാനസാന്തരത്തിന്റെ സമയപരിധി

13:10–21 : ദൈവരാജ്യത്തിന്റെ വളർച്ച

13:22–25 : ഇടുങ്ങിയ വാതിൽ

13:25–27 : മാനസാന്തരത്തിന്റെ സമയപരിധി

13:26–30 : ദൈവരാജ്യത്തിന്റെ വളർച്ച

13:31–35 : മാനസാന്തരപ്പെടുന്നില്ലെങ്കിൽ നശിക്കും.